**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3211** **01-03-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ എം നൗഷാദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; മറ്റ് സംസ്ഥാനങ്ങളെയും ദേശീയ ശരാശരിയെയും അപേക്ഷിച്ച് സംസ്ഥാനത്ത് കൊഴിഞ്ഞുപോക്ക് നിരക്ക് വളരെ കുറഞ്ഞിരിക്കുന്നതിന് അടിസ്ഥാനമായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് ചുവടെ ചേർക്കുന്നു.<br>എലമെന്ററി വിഭാഗം - 0.04%<br><br>സെക്കന്ററി & സീനിയർ സെക്കന്ററി- 5.49%<br><br>സെക്കന്ററി & സീനിയർ സെക്കന്ററി വിഭാഗത്തിൽ കൊഴിഞ്ഞുപോക്ക് നിരക്ക് 5.49% എന്നു കാണുന്നത് യഥാർത്ഥത്തിൽ കുട്ടികൾ കൊഴിഞ്ഞുപോകുന്നതു കൊണ്ട് മാത്രം ഉണ്ടായിട്ടുള്ളതല്ല. 10-ാം ക്ലാസ് കഴിഞ്ഞ് 11-ാം ക്ലാസിൽ ചേരാതെ ചില കുട്ടികൾ ഓപ്പൺ സ്കൂൾ, ഐറ്റിഐ, പോളിടെക്നിക് പോലുള്ള മറ്റ് കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നത് കൊണ്ട് കൂടിയാണ്.<br><br>സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് ദേശീയ ശരാശരിയെ അപേക്ഷിച്ച് വളരെ കുറഞ്ഞിരിക്കുന്നതിന് കാരണം പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്രശിക്ഷാ കേരളവും നടപ്പിലാക്കി വരുന്ന നിരവധി പദ്ധതികളുടെ ഫലമായിട്ടാണ്. ഇപ്രകാരം നടപ്പിലാക്കിവരുന്ന പ്രധാന പരിപാടികൾ ചുവടെ നൽകുന്നു.<br><br>1. പഠനോത്സവം മുതൽ പ്രവേശനോത്സവംവരെയുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ.<br><br>2. 720 പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ വഴിനടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.<br><br>3. 60 ഊരുവിദ്യാകേന്ദ്രങ്ങൾ വഴിനടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.<br><br>4. വിവിധ പഠനപോഷണ പരിപാടികൾ |

| | | | |
|---|---|---|---|
| | | | 5. നൂതനാശയ പ്രവർത്തനങ്ങൾ<br><br>6. പ്രത്യേക അവധിക്കാല ക്യാമ്പുകൾ<br><br>7. രക്ഷാകർതൃ പരിശീലനം.<br><br>8. ട്രാൻസ്പോർട്ട് അലവൻസ്<br><br>9. വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ<br><br>10. ആസ്പിറേഷണൽ ഡിസ്ട്രിക്ട് (വയനാട്)കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നപ്രവർത്തനങ്ങൾ.<br><br>11. പാർശ്വവൽകൃത സമൂഹത്തിലെകുട്ടികൾക്കായി നടപ്പിലാക്കുന്ന പ്രത്യേകപ്രവർത്തനങ്ങൾ.<br><br>12. സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ,സ്പെഷ്യലിസ്റ്റ് അധ്യാപകർ, സ്കൂൾകൗൺസിലർമാർ എന്നിവരുടെനേതൃത്വത്തിൽ നടപ്പിലാക്കുന്ന<br><br>പ്രവർത്തനങ്ങൾ.<br><br>13. ഭിന്നശേഷി കുട്ടികൾക്കായി നടപ്പിലാക്കുന്നവിവിധ പ്രവർത്തങ്ങൾ.<br><br>14. ആകർഷകമായ സ്കൂൾ അന്തരീക്ഷം<br><br>15. ഭിന്നശേഷി സൗഹൃദ വിദ്യാലയം.<br><br>16. കൗൺസിലിംഗ് പ്രവർത്തനങ്ങൾ. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉള്ളതും കേരളത്തിലെ ഏക ആസ്പിറേഷണൽ ഡിസ്ട്രിക്ടുമായ വയനാട് ജില്ലയിലെ കുട്ടികളുടെകൊഴിഞ്ഞു പോക്ക് തടയുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനുമായി ടൈഔട്ട് എന്ന നിലയ്ക്ക് 15 പഠന കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുകയും രക്ഷാകർതൃ പരിശീലനം, പഠന കേന്ദ്രങ്ങളിലെ എഡ്യൂക്കേഷണൽ വോളന്റിയർമാരുടെ പരിശീലനം, പഠന കേന്ദ്രത്തിലെഅടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ തുടങ്ങിയവ നടപ്പിലാക്കുകയും ചെയ്തു.<br><br>മലപ്പുറം ജില്ലയിലെ നിലമ്പൂരിലെ വനാന്തർഭാഗത്തുള്ള ഏഷ്യയിലെ ഏറ്റവും ആദിമമായ ഗോത്രവർഗ വിഭാഗക്കാരായ ചോലനായ്ക്കർ വിഭാഗത്തിലെ കുട്ടികൾക്കായി പൂലിമുണ്ട കോളനി കേന്ദ്രീകരിച്ച്'എങ്കെഎങ്കെക്കൂട്ടം' എന്ന ഭാഷാ പദ്ധതി നടപ്പിലാക്കുകയും 12 കുട്ടികൾ വിദ്യാലയങ്ങളിൽ പ്രവേശിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | കേരളത്തിലെ ഏകഗോത്ര ഗ്രാമ പഞ്ചായത്തായ ഇടമലക്കുടിയിലെ ജി.റ്റി. എൽ.പി.എസിലെ കുട്ടികൾക്കായി പഠിപ്പുറസ്സി എന്ന ഭാഷാ പാക്കേജ് പദ്ധതി നടപ്പിലാക്കി വരുന്നു. സ്കൂളിൽ നിത്യേന ഹാജരാകുന്ന കുട്ടികൾ സ്വതന്ത്രമായി എഴുതാനും വായിക്കാനും ആരംഭിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആൺകുട്ടികൾക്ക് താമസിച്ച് പഠിക്കാനായി 6 റസിഡൻഷ്യൽ ഹോസ്റ്റലുകൾ എസ്.എസ്.കെ യുടെ നേതൃത്വത്തിൽ നടത്തിവരുന്നു.<br><br>പൊതുഗതാഗത സാകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ നിന്നും സ്കൂളിൽ ദിവസേന വന്ന് പഠിക്കുന്ന കുട്ടികൾക്കായി യാത്രാ സൗകര്യം ഒരുക്കുന്നു.<br><br>വനാന്തർഭാഗത്തുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാനും ഹാജർ നില വർദ്ധിപ്പിക്കാനുമായി ഊരു വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ